# വനിത ശിശു വികസന ഡയറക്ടറുടെ നടപടി ക്രമങ്ങൾ

(സാന്നിദ്ധ്യം : അനുപമ T.V IAS)

വിഷയം : വനിത ശിശു വികസന വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി - അങ്കണവാടി വർക്കർമാർക്ക് Early Detection Of Disability പരിശീലനം നടത്തുന്നതിന് കൊല്ലം ജില്ലയിലെ വിവിധ പ്രോജക്ടുകൾക്ക് ഫണ്ട് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 24-06-2019ലെ സ.ഉ (സാധാ) നമ്പർ 369/2019/സാനീവ നമ്പർ സർക്കാർ ഉത്തരവ്.

**ഉത്തരവ് നമ്പർ ICDS/A5-8573/19 തീയതി: 06-02-2020**

കുഞ്ഞുങ്ങളിലെ വൈകല്യത്തിന്റെ പ്രാരംഭ കണ്ടെത്തലുകൾ വളർച്ച മുരടിപ്പ്, കുട്ടികളിലെ പോഷകാഹാര പ്രശ്നങ്ങൾ എന്നിവ കണ്ടെത്തുന്നതിന് ശിശു വികസന പദ്ധതി ഓഫീസർ/സൂപ്പർവൈസർ എന്നിവർക്ക് തിരുവനന്തപുരം CDC-യിൽ വെച്ച് ദ്വദിന പരിശീലനം നൽകിവരുന്നു. ടി ട്രെയിനിംഗ് ലഭിക്കുന്ന ശിശു വികസന പദ്ധതി ഓഫീസർ/സൂപ്പർവൈസർമാരെ ഉപയോഗിച്ച് സംസ്ഥാനത്തെ അങ്കണവാടി വർക്കർമാർക്ക് പരിശീലനം നൽകേണ്ടതുണ്ട്. അങ്ങനെ പരിശീലനം ലഭിക്കുന്ന വർക്കർമാർക്ക് അങ്കണവാടി പരിധിയിൽ വരുന്ന കുഞ്ഞുങ്ങളിലെ വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും രക്ഷിതാക്കളെ ആയത് ബോധ്യപ്പെടുത്തി ഡിസ്ട്രിക്ട് ഏർളി ഇന്റർവെൻഷൻ സെന്ററുകളിലേയ്ക്ക് തുടർ പരിശോധനയ്ക്കായി റഫർ ചെയ്യാനും സാധിക്കും. ഇതിലൂടെ സമൂഹത്തിൽ വൈകല്യങ്ങളുടെ തീവ്രത ഒരു പരിധിവരെ കുറയ്ക്കാൻ കഴിയുന്നതാണ്. ഇങ്ങനെ സംസ്ഥാനത്തെ മുഴുവൻ അങ്കണവാടി വർക്കർമാർക്കും ട്രെയിനിംഗ് നൽകുന്നതിനായി 1,30,56,450/-രൂപ അനുവദിച്ച് പരാമർശ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

ട്രെയിനിംഗിന്റെ ഭാഗമായി Trivandrum Developmental Screening Chart പ്രോജക്ട് തലത്തിൽ laminate ചെയ്ത് ഓരോ അങ്കണവാടിയ്ക്കും നൽകേണ്ടതാണ്. ട്രെയിനിംഗിനുശേഷം അങ്കണവാടി വർക്കർ അവരുടെ ഏരിയയിലുള്ള മൂന്ന് വയസ്സിനുതാഴെയുള്ള കുട്ടികളെ Screen ചെയ്യേണ്ടതും, Screen ചെയ്ത കുട്ടികളുടെ വിവരങ്ങൾ ഒരു പ്രത്യേക രജിസ്റ്ററിൽ എഴുതേണ്ടതും ഏതെങ്കിലും തരത്തിലുള്ള Developmental delay കണ്ടെത്തുന്ന കുട്ടികളുടെ വിവരങ്ങൾ രജിസ്റ്ററിൽ റിമാർക്സ് കോളത്തിൽ സൂചിപ്പിക്കേണ്ടതുമാണ്. ഈ കുട്ടികൾക്ക് ആവശ്യമായ ആരോഗ്യ പരിശോധന, തുടർ പരിശോധന എന്നിവ ലഭ്യമാക്കുന്നതിലും വർക്കർ/സൂപ്പർവൈസർ എന്നിവർ പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. കൊല്ലം ജില്ലയിലെ അങ്കണവാടി വർക്കർമാർക്ക് പരിശീലനം നൽകുന്നതിനായി ശിശു വികസന പദ്ധതി

ഓഫീസർമാർക്ക് ഫണ്ട് അനുവദിക്കേണ്ടതുണ്ട്. വിവിധ പ്രോജക്ടുകളിലേയ്ക്ക് അനുവദിക്കുന്ന തുകയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് | ബാനർ | ഹാൾ വാടക/ പ്രൊജക്ടർ 2 ദിവസം | ഫോട്ടോ | ഡോക്യുമെന്റേഷൻ | സ്റ്റേഷനറി /പ്രിന്റിംഗ് AWW x30 | ഭക്ഷണം AWWx300 | അനുവദിക്കുന്നതുക |
|---|---|---|---|---|---|---|---|---|
| 1 | അഞ്ചൽ | 500 | 6000 | 750 | 1000 | 121 x 30 (3630) | 121 x300 (36300) | 48180 |
| 2 | അഞ്ചൽ (അഡീഷണൽ) | 500 | 6000 | 750 | 1000 | 118 x30 (3540) | 118 x300 (35400) | 47190 |
| 3 | അഞ്ചാലുംമൂട് | 500 | 6000 | 750 | 1000 | 119 x 30 (3570) | 119x300 (35700) | 47520 |
| 4 | ചടയമംഗലം | 500 | 6000 | 750 | 1000 | 124 x 30 (3720) | 124x300 (37200) | 49170 |
| 5 | ചടയമംഗലം (അഡീഷണൽ) | 500 | 6000 | 750 | 1000 | 121 x30 (3630) | 121x300 (36300) | 48180 |
| 6 | ചവറ | 500 | 6000 | 750 | 1000 | 166 x30 (4980) | 166x300 (49800) | 63030 |
| 7 | ചിറ്റുമല | 500 | 6000 | 750 | 1000 | 80 x 30 (2400) | 80x300 (24000) | 34650 |
| 8 | ഇത്തിക്കര | 500 | 6000 | 750 | 1000 | 193 x 30 (5790) | 193x300 (57900) | 71940 |
| 9 | കരുനാഗപ്പള്ളി | 500 | 6000 | 750 | 1000 | 121 x 30 (3630) | 121x300 (36300) | 48180 |
| 10 | കൊല്ലം (U-1) | 500 | 6000 | 750 | 1000 | 189 x 30 (5670) | 189x300 (56700) | 70620 |
| 11 | കൊല്ലം (U-2) | 500 | 6000 | 750 | 1000 | 179 x 30 (5370) | 179x300 (53700) | 67320 |
| 12 | പുനലൂർ | 500 | 6000 | 750 | 1000 | 74 x 30 (2220) | 74x300 (22200) | 32670 |
| 13 | കൊട്ടാരക്കര | 500 | 6000 | 750 | 1000 | 177 x 30 (5310) | 177x300 (53100) | 66660 |
| 14 | മുഖത്തല | 500 | 6000 | 750 | 1000 | 100 x30 (3000) | 100x300 (30000) | 41250 |
| 15 | മുഖത്തല (അഡീഷണൽ) | 500 | 6000 | 750 | 1000 | 124 x30 (3720) | 124x300 (37200) | 49170 |
| 16 | ഓച്ചിറ | 500 | 6000 | 750 | 1000 | 132 x30 (3960) | 132x300 (39600) | 51810 |
| 17 | പത്തനാപുരം | 500 | 6000 | 750 | 1000 | 185 x30 (5550) | 185x300 (55500) | 69300 |
| 18 | ശാസ്താംകോട്ട | 500 | 6000 | 750 | 1000 | 106 x30 (3180) | 106x300 (31800) | 43230 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 19 | ശാസ്താംകോട്ട (അഡീഷണൽ) | 500 | 6000 | 750 | 1000 | 93 x30 (2790) | 93x300 (27900) | 38940 |
| 20 | വെട്ടിക്കവല | 500 | 6000 | 750 | 1000 | 99 x30 (2970) | 99x300 (29700) | 40920 |
| 21 | വെട്ടക്കിവല (അഡീഷണൽ) | 500 | 6000 | 750 | 1000 | 102 x30 (3060) | 102x300 (30600) | 41910 |
| **ആകെ** | | | | | | | | **1071840** |

മേൽ പരാമർശിച്ച 10,71,840/- (പത്ത് ലക്ഷത്തി എഴുപത്തിഒന്നായിരത്തി എണ്ണൂറ്റി നാൽപത് രൂപ മാത്രം) രൂപ നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-56 (P) എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു. പരാമർശ തുക കൊല്ലം പ്രോഗ്രാം ഓഫീസർക്ക് അനുവദിച്ച് നല്കുന്നു. പ്രോഗ്രാം ഓഫീസർ ഇവ ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർക്ക് അനുവദിച്ച് നൽകി യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

ഒപ്പ്
വനിത ശിശു വികസന ഡയറക്ടർ

പ്രോഗ്രാം ഓഫീസർ,
കൊല്ലം.

പകർപ്പ്: 1) ബന്ധപ്പെട്ട CDPO മാർക്ക്
2) സൂപ്രണ്ട് A സെക്ഷൻ
3) സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
സൂപ്രണ്ട്

ജികെ/17-1-20